അതിന്റെ ഉപരിതലം ഭംഗിയായി ടാർ ചെയ്ത് യാത്ര സുഗമമാക്കാൻ വേണ്ടി യാണ് അങ്ങനെ ചെയ്തത്. അത് ചെയ്തതിനുശേഷം നമ്മൾ അതിലേ പോയല്ലോ? ഞാൻ കഴിഞ്ഞദിവസം അവിടെ പോയി കാര്യങ്ങൾ തൃപ്തികര മായ നിലയിൽ അറേഞ്ച് ചെയ്തിരിക്കുകയാണ്. ഇപ്പോഴാണ് നമുക്ക് ഒരു മോഡിഫിക്കേഷൻ വരുത്താൻ കഴിഞ്ഞത്, അത് ഒഴിവാക്കാൻ കഴിയുമോ? ആ വഴിക്കല്ലാതെ നമുക്ക് തിരിച്ചുവിടാൻ കഴിയുമോ? ഈ പാലത്തിൽകൂടി ഭാരമുള്ള വാഹനങ്ങൾ ഓടിച്ചാൽ 3,4,5 സ്പാനുകളിൽ ഉണ്ടാകുന്ന കുലുക്കം മൂലം പാലത്തിന് കേട്പാട് സംഭവിക്കാനിടയുണ്ട്. ആ സ്ഥിതിക്ക് പാലത്തി ലൂടെ വാഹനം ഓടിച്ചാൽ അതെല്ലാംകൂടി താഴെപ്പോയാൽ ആരാണ് ഉത്തര വാദി? നമുക്ക് അത് ചെയ്യാൻ കഴിയുമോ? അപ്പോൾ തിരിച്ചു വിടുകയല്ലാതെ വേറെ മാർഗ്ഗമില്ല. പരമാവധി ട്രാഫിക് കൺട്രോൾ ഏർപ്പെടുത്തിക്കൊണ്ട് ചെയ്യുക, റോഡുകൾക്ക് കേടുണ്ടായാൽ ഡിപ്പാർട്ടുമെന്റലായിട്ട് അപ്പപ്പോൾ വന്ന് റിപ്പെയർ ചെയ്യാനുള്ള നിർദ്ദേശങ്ങളും കൊടുത്തിരിക്കുകയാണ്. ഏറ്റവും വേഗം റിപ്പെയർ നടത്താനുള്ള നടപടികൾ എടുക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുക.

അടുത്ത സബ്മിഷന് സർവ്വശ്രീ. ജി. കാർത്തകേയൻ, എൻ.ആർ. ബാലൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. സബ്മിഷന് ആധാരമായ സംഭവം നടന്നത് കുന്നംകുളത്തും, സംഭവത്തിൽപ്പെട്ട വ്യക്തിയുടെ സ്വദേശം ആര്യനാടുമാണ്.

(2) ഹോംനഴ്സായിരുന്ന ബിന്ദുവിന്റെ ദുരൂഹമരണം

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇവിടെ അവതരിപ്പിക്കുന്ന വിഷയം സംബന്ധിച്ച് കുന്നകുളം എം.എൽ.എ. ബഹുമാനപ്പെട്ട എൻ.ആർ. ബാലനുമാ യിട്ട് ഞാൻ ഇന്ന് സംസാരിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ നടന്ന സംഭ വമാണ്. എന്റെ നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്തിൽ മണി തൂക്കി എന്ന ആദിവാസി മേഖലയിൽനിന്നും കുന്നംകുളത്തുള്ള 'ചാവക്കാട് നെറ്റ് വർക്ക് ഹോം നഴ്സിംഗ് കോർപ്പറേഷൻ' എന്ന സ്ഥാപനം മുഖേന കുന്നംകുളത്ത് ചെമ്മണ്ണൂർ റോയി എന്ന ആളിന്റെ വീട്ടിൽ ഹോം നഴ്സായി ബിന്ദു എന്ന 19 വയസ്സുള്ള ഒരു ആദിവാസി യുവതി ജോലിക്ക് നിന്നു. ജീവിതമാർഗ്ഗം തേടി അവിടെനിന്ന് കുന്നംകുളംവരെ പോയതാണ്. വീട്ടുടമ സ്ഥന്റെ ഭാഗത്തുനിന്നുണ്ടായ പീഡനത്തിൽ വേദനപ്പെട്ട് ഈ കുട്ടി ശരീര ത്തിൽ മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയും തുടർന്ന് മരണപ്പെടു കയും ചെയ്തു. മരിക്കുന്നതിന് മുമ്പുള്ള മരണമൊഴി പോലീസ് രേഖപ്പെടു ത്തിയിട്ടുണ്ട്. ഇവിടത്തെ പ്രശ്നം, ഇത് ഒന്നാം തീയതി നടന്നതാണ്, ഒന്നാം തീയതി സംഭവം നടന്നിട്ട് ചെമ്മണ്ണൂരുള്ള റോയി എന്നുപറയുന്ന വ്യക്തി 6-ാം തീയതിയാണ് പോലീസിൽ നേരിട്ട് ഹാജരായി കീഴടങ്ങിയത്. ഇത്രയും ഗുരു തരമായ ഒരു കാര്യം നടന്നിട്ട് പോലീസ് അവരെ അറസ്റ്റു ചെയ്യുന്നതിന് മടി കാണിച്ചു എന്ന് ഞാൻ പറയുന്നില്ല. ഇനി ഒരു പ്രതിയെക്കൂടി കിട്ടാനുണ്ട്. ഇതുപോലെ ഒരു പശ്ചാത്തലം വേറെയുമുണ്ട്. രാജേന്ദ്രൻ കാണി എന്നുപറ യുന്ന ടെലികോമിലെ ഒരു ജീവനക്കാരന്റെ മരണത്തെക്കുറിച്ച് നിയമസഭയിൽ മുഖ്യമന്ത്രിക്കുവേണ്ടി അന്നത്തെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ശ്രീ. പിണറായി

LIBRARY ARCHIVES Kerala Legislative Assembly

വിജയൻ പറഞ്ഞത്, കഴുത്ത് ഞെരിച്ചാണ് കൊല്ലപ്പെട്ടത് എന്നുള്ള പോസ്റ്റു മാർട്ടം റിപ്പോർട്ട് കിട്ടിയെന്നാണ്. അന്വേഷണം എവിടെവരെയായി എന്നറിയി ല്ല. ഞാൻ പറയാം കാരണം പത്രത്തിൽ വന്നത് ആത്മഹത്യക്കു ശ്രമിച്ച രാജേ ന്ദ്രൻ വീട്ടിൽ കയറിതൂങ്ങിയിട്ട് മരിക്കാത്തതുകൊണ്ട് താഴെയിറങ്ങി ബൈക്കിൽ കയറി 22 കിലോമീറ്റർ യാത്ര ചെയ്ത് വേളി കായലിൽ ചാടി ആത്മഹത്യ ചെയ്തു എന്നതാണ് അന്വേഷണ റിപ്പോർട്ട്. ഇത് ആദിവാസി സമൂഹത്തിനുനേരെയുള്ള അവഗണനയാണ്. പ്രതി നേരിട്ട് ഹാജരാവുക യാണ് ചെയ്തത്. ആദിവാസി മേഖലയിൽ ഇന്ന് സമരവുമില്ല, രാഷ്ട്രീയവു മില്ല. ശ്രീ. എൻ.ആർ. ബാലന്റെ സജീവശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടായി രുന്നോ? ഇന്നലെ സ്ത്രീകളുടെ സമരമുണ്ടായിരുന്നു. പ്രതി നേരിട്ട് പോലീസ് സ്റ്റേഷനിൽ ഹാജരാവുകയായിരുന്നു. കേസ്സുകളുടെ പോക്ക് ഇനിയാണ്. വീട്ടു ജോലിക്ക് നിൽക്കുന്ന നിരാലംബരായ ആദിവാസി സമൂഹത്തെ, ഏതു സമൂ ഹത്തിലും ആവട്ടെ പെൺകുട്ടികളെ പീഡിപ്പിക്കുന്നവർക്ക് ഇത് വലിയ ഒരു താക്കീതായി മാറണമെങ്കിൽ ഇതിന് ഉത്തരവാദിയായ ആളിന്റെ പേരിലുള്ള കേസ്സ് ആ നിലയിൽ എടുത്ത് അർഹിക്കുന്ന ശിക്ഷ കൊടുക്കാൻ തയ്യാറാക ണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനോട് ഈ കാര്യം ഞാൻ സംസാരിച്ചിട്ടുണ്ട്. അതുകൊണ്ട് സാധാരണ ഗതിയിലുള്ള ഒരു കേസ്സുപോലെ ഇതിനെ എടുത്താൽ, വീണ്ടും അടിവരയിട്ടു പറയുകയാണ് ഇതെങ്ങും എത്തുകയില്ല, അന്വേഷണം നീണ്ടുപോകും. ബിന്ദു എന്ന പെൺകുട്ടി സ്വന്തം മാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി മറ്റൊന്നും ചെയ്യാനില്ലാതെ വന്ന പ്പോൾ ജീവിതം ഒടുക്കാൻ തീരുമാനിക്കുകയായിരുന്നു. ചാരിത്ര്യത്തിന് ഒരു ശക്തിയുണ്ടല്ലോ അത് ഈ സഭയും, ഈ നാടും ബഹുമാനിക്കണം. ഇത്തരം സംഭവങ്ങൾ ഇനിമേൽ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി, സംഭവത്തിലെ പ്രതികൾ പോലീസ് സ്റ്റേഷനിൽ വന്ന് ജാമ്യം എടുക്കുന്നതുവരെ കാത്തിരി ക്കുന്ന പോലീസിന്റെ ഒരു സമീപനമുണ്ടല്ലോ, അത് മാറ്റണം. ഇനിയും ബാക്കി നിൽക്കുന്ന പ്രതികളെക്കൂടി അറസ്റ്റ് ചെയ്ത് അവരുടെ പേരിൽ നടപ ടിയെടുക്കണം എന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, അത്യന്തം ഗുരുതരമായ ഒരു പ്രശ്നത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധ ഈ സബ്മിഷനിലൂടെ ക്ഷണിച്ചിട്ടു ള്ളത്. കുന്നംകുളം എം.എൽ.എ. ശ്രീ. എൻ.ആർ. ബാലനും ഇക്കാര്യം പറ ഞ്ഞിട്ടുണ്ട്, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ മുഖ്യമന്ത്രിക്ക് നിവേദനവും സമർപ്പിച്ച താണ്. ഇത് വളരെ വളരെ ക്രൂരമായ ഒരു സംഭവമാണ്. ഗവൺമെന്റ് ഇത് വളരെ കർശനമായി നേരിടും. അതിൽ യാതൊരു സംശയവും വേണ്ട, അതർഹിക്കുന്ന ഗൗരവത്തോടെ നേരിടുകയും ചെയ്യും. ഈ സംഭവം പറയാം. തിരുവനന്തപുരം നെടുമങ്ങാട് മണിതൂക്കി ബിന്ദുവിലാസത്തിൽ ബാലന്റെ മകൾ ബിന്ദു, തൃശൂർ കുന്നംകുളത്തുള്ള ചെമ്മണ്ണൂർ റോയിയുടെ വീട്ടിൽ 12-6-99 മുതൽ വീട്ടുജോലി നോക്കിവരികയായിരുന്നു. ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചാവക്കാടുള്ള നെറ്റ് വർക്ക് കോർപ്പറേഷൻ എന്ന സ്ഥാപനം മുഖേനയാണ് ബിന്ദുവിനെ ജോലിക്ക് നിയമിച്ചത്. അവിടെ പണിയെടുത്തുവരവെ 29-6-99-ന് രാത്രി 12 മണിയോടെ ഉറങ്ങിക്കിടന്നിരുന്ന ബിന്ദുവിനെ ചെമ്മണ്ണൂർ റോയി കടന്നുപിടിക്കുകയും മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. വളരെ പൈശാചികമായ സംഭവമാണ്. ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആ ആദിവാസി ബാലിക ശക്തിയായി ചെറുത്തു. ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി ആ ബിന്ദുവിലൂടെ പിടഞ്ഞെഴു

LIBRARY ARCHIVES Kerala Legislative Assembly

ന്നേറ്റു; അവൾ ബഹളം വച്ചു, അതുകേട്ട് അവിടെ എത്തിയ റോയിയുടെ ഭാര്യ ഷീബ ഇത് തടയുന്നതിനുപകരം ബിന്ദുവിന്റെ കരണത്തടിച്ച് അവരുടെ വക ഒരു മർദ്ദനവും നടത്തി. അടിക്കേണ്ടത് റോയിയുടെ കരണത്താണ്. അതേത്തുടർന്ന് ബിന്ദുവിനെ വീട്ടുതടങ്കലിൽ പാർപ്പിക്കുകയായിരുന്നു. 1-7-99-ന് ഉച്ചയ്ക്ക് ഒന്നര മണിയോടെ ശരീരത്തിൽ മണ്ണെണ്ണ ഒഴിച്ച് സ്വയം തീകൊളുത്തി, മാനം കെട്ടിട്ട് ജീവിക്കുന്നതിനേക്കാൾ നല്ലത് മരണമാണെന്ന് കരുതി ആ ആദിവാസി ബാലിക. പൊള്ളലേറ്റ ബിന്ദുവിനെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കായി കൊണ്ടുപോയി. കുന്ദംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ബിന്ദുവിന്റെ മൊഴി രേഖപ്പെടുത്തി, ആ മൊഴിയിൽ ഈ വിവരങ്ങൾ എല്ലാം ബിന്ദു പറയുകയുണ്ടായി. 1989-ലെ പട്ടിക ജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം ഉൾപ്പെടെ ഇൻഡ്യൻ പീനൽകോഡിലെ വിവിധ ഗൗരവമായ വകുപ്പുകൾ ഉൾപ്പെടുത്തി ക്രൈം 355/99-ാം നമ്പരായി കുന്ദംകുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം തുടരുകയും ചെയ്യുകയാണ്. ബിന്ദു 4/7/99-ന് രാത്രി 10.45-ന് മരണപ്പെട്ടു. കുന്നംകുളം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കേസ്സ് അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്. ഈ കേസിലെ മുഖ്യ പ്രതി ഡി.വൈ.എസ്. പി.യുടെ മുമ്പിൽ നേരിട്ട് ഹാജരായി, 6-7-99-ന് അറസ്റ്റ് ചെയ്തു. ഇതൊന്നും മറച്ചുവയ്ക്കുന്നില്ല. എപ്പോഴാണ് ഒരു പ്രതി ഹാജരാകുന്നത് എന്നു ചോദിച്ചാൽ നാലുഭാഗവും വളയപ്പെട്ടുകഴിഞ്ഞാൽ, പ്രതിക്ക് രക്ഷപ്പെടാൻ നിർവാഹമില്ലെന്നു കാണുമ്പോഴാണ് ഹാജരാകുന്നത്. പ്രതിയെ അറസ്റ്റു ചെയ്തോ എന്നാണ് കസ്റ്റ്യൻ, ഹാജരായാൽ നീ പൊയ്ക്കോ, ഞങ്ങൾ വന്ന് അന്വേഷിച്ചു കൊള്ളാം എന്നു പറയണമോ? എന്താ ഈ പറയുന്നത്, കുഴപ്പമുണ്ടോ ഇല്ലയോ എന്നത് 'ശേഷം വെള്ളിത്തിരയിൽ' കാണാം, പ്രതിയെ അറസ്റ്റു ചെയ്തിട്ടുണ്ട്. ആറാം തീയതിയാണ് പ്രതി ഹാജരായത്, ഏഴാം തീയതി കോടതിയിൽ ഹാജരാക്കും. ഇതൊക്കെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമാണ്, ഇതിൽ ആരൊക്ക ബന്ധപ്പെട്ടിട്ടുണ്ടോ, അവരുടെ പേരിൽ സീരിയസ് ആയി കേസ്സ് എടുക്കും. മാതൃകാപരമായി കേസ്സ് നടത്തും, ഇങ്ങനെയുള്ള സംഭവം ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടി അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് എടുക്കുന്നതാണ്, ഈ പൈശാചിക നടപടിയെ അപലപിക്കുന്നു. ദുഃഖമുണ്ട്, ഗവൺമെന്റിന് പ്രതിഷേധമുണ്ട്, ശക്തമായ നടപടി എടുക്കുകയും ചെയ്യും.

(3) ആറന്മുളയിലെ ശോഭന എന്ന സ്ത്രീയുടേയും മകൾ ഉപാസനയുടേയും തിരോധാനം

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറന്മുള വില്ലേജിൽ ഇടയാറന്മുള മുറിയിൽ പാടുതറ വീട്ടിൽ മൈലൻ മകൻ പി.എൻ. രാജന്റെ ഭാര്യ സി.കെ. ശോഭനയേയും ഉപാസനയെന്ന മൂന്നു വയസ്സുള്ള മകളെയും 10-5-99 രാവിലെ 7 മണി മുതൽ കാണാതായതും അവരെ ജോലി വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് പ്രലോഭിപ്പിച്ച് കോൺഗ്രസ് (ഐ) കോഴിക്കോട് ജില്ലാ സെക്രട്ടറിയായ ഗോപാലൻ തട്ടിക്കൊണ്ടുപോയതായും ആരോപിച്ച് രാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 10-6-99-ന് ഒരു പരാതി നൽകിയിരുന്നുവെന്നും 29-6-99-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകാൻ എന്നെ ഏൽപ്പിച്ച പരാതിയിൽ പറയുന്നു. രാജൻ കോട്ടയം ജില്ലയിൽ മണിമല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആയിരുന്നപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly